# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 934

29.09.2011 ൽ മറുപടിയ്ക്ക്

### അങ്കമാലിയിലെ സ്കൂളുകളുടെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | അങ്കമാലി നിയോജക മണ്ഡലത്തിലെ സർക്കാർ-എയ്ഡഡ് മേഖലകളിൽ പ്രവർത്തിക്കുന്ന എൽ.പി./ യു.പി. സ്കൂളുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | അങ്കമാലി നിയോജക മണ്ഡലത്തിൽപ്പെടുന്ന സർക്കാർ-എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന എൽ.പി/യു.പി. സ്ക്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇവയിൽ ശോചനീയാവസ്ഥയിലുള്ള സ്കൂളുകളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിന് രക്ഷിതാക്കൾക്കുള്ള വൈമുഖ്യം പരിഗണിച്ച് ഈ സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി നടപടികൾ സ്വീകരിക്കുമോ; | (ബി) | സ്വീകരിക്കുന്നതാണ്. |
| (സി) | എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | സർക്കാർ മേഖലയിലെ സ്ക്കൂളുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ |

നടത്തുന്നത് ടി സ്ഥാപനങ്ങ ളാണ്. അതിനാൽ സ്കൂളു-കളുടെ ശോചനീയാവസ്ഥ തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെശ്രദ്ധയിൽപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരി ക്കുന്നതാണ്. എയ്ഡഡ് സ്ക്കൂളുകളുടെ അറ്റകുറ്റ പണികൾ അതാത് സ്ക്കൂൾ മാനേജർമാരിൽ നിക്ഷിപ്ത മാണ്. ആയതിനാൽ സ്ക്കൂൾ മാനേജർമാർക്ക് യുക്തമായ നിർദ്ദേശം നൽകുന്നതാണ്.

Sd/-

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.